**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5140 27.06.2019 ൽ മറുപടിക്ക്

## സ്റ്റാഫ് പാറ്റേൺ

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജില്ലാ, താലൂക്ക് ആശുപത്രികളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരെഞ്ഞെടുത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകയും ഇവിടങ്ങളിൽ ഡോക്ടർ, നഴ്സസ് , ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്ന സ്ഥാപനങ്ങളിൽ ഒ.പി.സമയം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടോക്കൺ സൗകര്യം, നഴ്സസ് പ്രീ ചെക്ക്, ആരോഗ്യബോധവൽക്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ, ജീവിത ശൈലീരോഗ ക്ലിനിക്, ശ്വാസ്, ആശ്വാസ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തി.<br><br>സൂപ്പർസ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്ത് രൂപീകരിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങൾ, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഏർപ്പെടുത്തി. താലൂക്കതല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തി. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഒ.പി.വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 4139 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | മേപ്പടി ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ബി) | ആർദ്രം പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആർദ്രം മാനദണ്ഡമനുസരിച്ച് ഉണ്ടായിരിക്കേണ്ട തസ്തികകൾ നിശ്ചയിക്കുകയും അതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ